**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 92** **12-02-2025 - ൽ മറുപടിയ്ക്ക്**

**തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി പെൻഷൻ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഉൾപ്പെടെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങളുടെ വിതരണം മാസങ്ങളായി മുടങ്ങിയിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>തനതു ഫണ്ടിൽ നിന്നും പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളായ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ നിന്നും നിലവിൽ ഡിസംബർ 2024 വരെയുള്ള പെൻഷൻ വിതരണം പൂർത്തിയായിട്ടുണ്ട്. 2025 ജനുവരി മാസത്തെ പെൻഷൻ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു .<br><br>സർക്കാർ സഹായത്തോടെ സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് മുഖേന പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളായ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2024 ഒക്ടോബർ വരെയുള്ള പെൻഷൻ വിതരണം പൂർത്തിയായിട്ടുണ്ട്.<br><br>അതോടൊപ്പം കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധി |

| | | | |
|---|---|---|---|
| | | | ബോർഡ്, കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേനിധി ബോർഡ് എന്നീ ബോർഡുകൾ മുഖേനെ നൽകി വരുന്ന ആനുകൂല്യങ്ങളിൽ 2024 ഡിസംബർ മാസം വരെയുള്ള അപേക്ഷകളിൽ കുടിശ്ശിക ഇല്ല. മറ്റു ക്ഷേമനിധി ബോർഡുകളിൽ കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ് .<br><br>കേരള കർഷക തൊഴിലാളി ക്ഷേമനിധി പെൻഷൻ, സാമൂഹ്യ സുരക്ഷാ പെൻഷനൊപ്പം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയാണ് വിതരണം ചെയ്യുന്നത് . ടി ബോർഡിൽ നിന്നുള്ള ക്ഷേമ പദ്ധതികളായ അധിവർഷാനുകൂല്യം, മരണാനന്തര ആനുകൂല്യം, മാരകരോഗ അധിവർഷാനുകൂല്യം, വിവാഹധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ ധനസഹായം, ഉന്നത വിദ്യാഭ്യാസ ധനസഹായം എന്നീ ആനുകൂല്യങ്ങളിൽ അധിവർഷാനുകൂല്യം ഒഴികെയുള്ളവയിൽ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് തന്നെ വിതരണം ചെയ്യുന്നതിനും മറ്റ് ആനുകൂല്യങ്ങളുടെ വിതരണം ഒരു പരിധിവരെ കാലികമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ 2023 സെപ്തംബർ മാസം വരെയുള്ള പെൻഷനും 2024 മാർച്ച് 31 വരെയുള്ള മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിംഗ് സെസ്സ് പിരിവിലൂടെയാണ് ലഭിക്കുന്നത്.<br><br>തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 2024 ഫെബ്രുവരി 12 ലെ ഉത്തരവ് പ്രകാരം ബിൽഡിംഗ് സെസ്സ് പിരിവിന്റെ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. ആയതിനാൽ ബോർഡിന്റെ വരുമാനത്തിൽ കാലക്രമേണ വർദ്ധനവ് ഉണ്ടാകുന്നതും അതിനാൽ തന്നെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കുന്നതുമാണ്. |
| (ബി) | പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ അംശദായം അടച്ച നിരവധി വ്യക്തികൾക്ക് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഉണ്ട്.<br><br>തനതു ഫണ്ടിൽ നിന്നും പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളായ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള |

കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ നിന്നും നിലവിൽ ഡിസംബർ 2024 വരെയുള്ള പെൻഷൻ വിതരണം പൂർത്തിയായിട്ടുണ്ട്. 2025 ജനുവരി മാസത്തെ പെൻഷൻ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു .

സർക്കാർ സഹായത്തോടെ സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് മുഖേന പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളായ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2024 ഒക്ടോബർ വരെയുള്ള പെൻഷൻ വിതരണം പൂർത്തിയായിട്ടുണ്ട്.

അതോടൊപ്പം കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേനിധി ബോർഡ് എന്നീ ബോർഡുകൾ മുഖേനെ നൽകി വരുന്ന ആനുകൂല്യങ്ങളിൽ 2024 ഡിസംബർ മാസം വരെയുള്ള അപേക്ഷകളിൽ കുടിശ്ശിക ഇല്ല. മറ്റ ക്ഷേമനിധി ബോർഡുകളിൽ കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ് .

കേരള കർഷക തൊഴിലാളി ക്ഷേമനിധി പെൻഷൻ, സാമൂഹ്യ സുരക്ഷാ പെൻഷനൊപ്പം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയാണ് വിതരണം ചെയ്യുന്നത് . ടി ബോർഡിൽ നിന്നുള്ള ക്ഷേമ പദ്ധതികളായ അധിവർഷാനുകൂല്യം, മരണാനന്തര ആനുകൂല്യം, മാരകരോഗ അധിവർഷാനുകൂല്യം, വിവാഹധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ ധനസഹായം, ഉന്നത വിദ്യാഭ്യാസ ധനസഹായം എന്നീ ആനുകൂല്യങ്ങളിൽ

| | | | |
|---|---|---|---|
| | | | അധിവർഷാനുകൂല്യം ഒഴികെയുള്ളവയിൽ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് തന്നെ വിതരണം ചെയ്യുന്നതിനും മറ്റ് ആനുകൂല്യങ്ങളുടെ വിതരണം ഒരു പരിധിവരെ കാലികമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ 2023 സെപ്റ്റംബർ മാസം വരെയുള്ള പെൻഷനും 2024 മാർച്ച് 31 വരെയുള്ള മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിംഗ് സെസ്സ് പിരിവിലൂടെയാണ് ലഭിക്കുന്നത്.<br><br>തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 2024 ഫെബ്രുവരി 12 ലെ ഉത്തരവ് പ്രകാരം ബിൽഡിംഗ് സെസ്സ് പിരിവിന്റെ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. ആയതിനാൽ ബോർഡിന്റെ വരുമാനത്തിൽ കാലക്രമേണ വർദ്ധനവ് ഉണ്ടാകുന്നതും അതിനാൽ തന്നെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കുന്നതുമാണ്. |
| (സി) | ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങളുടെ വിതരണം മുടങ്ങാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | **പരിശോധിച്ചിട്ടുണ്ട് .**<br><br>**തനതു ഫണ്ടുപയോഗിച്ച് പെൻഷൻ നൽകി വരുന്ന ക്ഷേമനിധി ബോർഡുകൾ 2024 ഡിസംബർ വരെ പെൻഷൻ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. തൊഴിലാളി-തൊഴിലുടമ നൽകിവരുന്ന അംശദായത്തിൽ നിന്നും ലഭിക്കുന്ന പലിശയിൽനിന്നുമാണ് ക്ഷേമനിധി ബോർഡുകൾ വരുമാനം കണ്ടെത്തുന്നതും ഗുണഭോക്താക്കളുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നതും.**<br><br>**ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്യുന്ന, അസംഘടിത-പരമ്പരാഗത മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങളുടെ എണ്ണത്തിൽ വന്ന ഇടിവും പെൻഷൻകാരുടെ വർധനവും പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കള്ള് ചെത്ത്, ഈറ്റ, കശുവണ്ടി, ബീഡി പോലെയുള്ള വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിയും, ബോർഡുകളുടെ വരുമാന മാർഗ്ഗം കുറയുന്നതിന് കാരണമായിട്ടുണ്ട്. ഈ താത്കാലിക പ്രതിസന്ധി മറികടക്കുന്നതിനായി ഈ വിഭാഗം ക്ഷേമനിധി ബോർഡിലെ പെൻഷൻ സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് മുഖേന സർക്കാർ ഏറ്റെടുത്ത് വിതരണം ചെയ്തുവരുന്നു. ഇത്തരം ക്ഷേമനിധി ബോർഡിലെ അംഗത്വ രജിസ്ട്രേഷൻ വർധിപ്പിക്കുന്നതിനായി മേഖല** |

| | | | |
|---|---|---|---|
| | | | **ഓഫീസ് അടിസ്ഥാനത്തിൽ മെമ്പർഷിപ് ക്യാമ്പയിനുകൾ നടത്തുന്നുണ്ട്.** |
| (ഡി) | പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ മുടങ്ങിക്കിടക്കുന്ന ക്ഷേമനിധി പെൻഷൻ കുടിശിക അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകൾ 2024 ഡിസംബർ വരെ പെൻഷൻ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. സർക്കാർ സഹായത്തോടെ സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് മുഖേന പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിൽ 2024 ഒക്ടോബർ മാസം വരെയുള്ള പെൻഷൻ വിതരണം പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ